പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *380 25.06.2014 -ലെ മറുപടിക്ക്.

## നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ്:<br>ശ്രീ. എളമരം കരീം<br>ശ്രീ. ബി. സത്യൻ<br>ശ്രീ. സി. കൃഷ്ണൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് ഉയർന്നുവന്ന വ്യാപകമായ പരാതികൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് വ്യാപകമായി പരാതികൾ ഉയർന്നുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ക്ഷേമനിധി അംഗങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നല്കുന്നതിനു ബോർഡിനുണ്ടായതായി പറയപ്പെടുന്ന വീഴ്ചയുടെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | (ബി) ക്ഷേമനിധി അംഗങ്ങൾക്കുള്ള ആനുകൂല്യത്തിനുള്ള അപേക്ഷകളിൽ ചീഫ് ഓഫീസിൽ നിന്നും അനുവദിച്ചിരുന്ന പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ജില്ലാ ഓഫീസിൽ തന്നെ അനുവദിക്കുന്നതിന് ബോർഡിൽ അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ അംഗ തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുന്നതിനും, ആയതിലുള്ള വിശദീകരണം തേടുന്നതിനും എല്ലാ ജില്ലാ ആഫീസിലും ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിച്ചിട്ടുള്ളതും, പെൻഷനുൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ അപേക്ഷ ലഭിച്ച് 15 മുതൽ 30 ദിവസത്തെ സമയപരിധിക്കുള്ളിൽ അർഹരായവർക്ക് അനുവദിക്കുന്നതിനാവശ്യമായ മേൽ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (സി) പ്രസ്തുത ക്ഷേമനിധി ബോർഡിൽ വ്യാപകമായ അഴിമതിയും കെടുകാര്യസ്ഥതയും നിലനില്ക്കുന്നതായ വിവിധ തൊഴിലാളി സംഘടനകളുടെ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (സി) ക്ഷേമനിധി ബോർഡിൽ വ്യാപകമായ അഴിമതിയും കെടുകാര്യസ്ഥതയും നിലനില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജില്ലാ ഓഫീസുകളുമായി ബന്ധപ്പെട്ട് ട്രേഡ് യൂണിയനുകളിൽ നിന്നും ലഭിച്ച ചില പരാതികളിന്മേൽ പരിശോധനയും, അന്വേഷണവും നടത്തി ആവശ്യമായ മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത ബോർഡ് പുന: സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) 23/12/2013 ലെ ജി.ഒ (പി) നം. 154/2013/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ് പുന: സംഘടിപ്പിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ